# കേരളസർവകലാശാല

നം.പി.ആർ.193/2021

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ഏപ്രിലിൽ നടത്തിയ അഞ്ച്, ആറ് സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ. (എസ്.ഡി.ഇ., 2018 അഡ്മിഷൻ – റെഗുലർ & 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 2 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജൂണിൽ നടത്തിയ എം.എ. ലിംഗ്വിസ്റ്റിക്സ് 2019 – 2021 ബാച്ച് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി (2013 സ്കീം) (സപ്ലിമെന്ററി, സെഷണൽ ഇംപ്രൂവ്മെന്റ്), (2008 സ്കീം) (സപ്ലിമെന്ററി, പാർട്ട് ടൈം, മേഴ്സി ചാൻസ്) സെപ്റ്റംബർ 2020, എന്നീ പരീക്ഷകളുടെ എല്ലാ ബ്രാഞ്ചുകളുടേയും ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഒക്ടോബർ 5 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് ലഭിക്കാൻ പരീക്ഷാർത്ഥിയുടെ വെബ് പോർട്ടലിൽ ലോഗിൻ ചെയ്യുക. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എ. ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 6. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ ബി.കോം. ആന്വൽ സ്കീം പ്രൈവറ്റ് ആന്റ് സപ്ലിമെന്ററി ഫൈനൽ ഇയർ ഒൺലി ഏപ്രിൽ 2021 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായും ഓഫ്ലൈനായും ഒക്ടോബർ 8 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### കേരളസർവകലാശാല സെപ്റ്റംബർ 27 ലെ പരീക്ഷകൾ മാറ്റി

കേരളസർവകലാശാല സെപ്റ്റംബർ 27 ന് നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷകൾ മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി വെബ്സൈറ്റിൽ ലഭ്യമാണ്.

### ഹോസ്റ്റലുകൾ പ്രവർത്തിക്കും

കേരളസർവകലാശാലയുടെ കാര്യവട്ടം, തൈക്കാട് ഹോസ്റ്റലുകൾ ഒക്ടോബർ 1 മുതൽ കൃത്യമായ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നതാണ്.

## ടൈംടേബിൾ

കേരളസർവകലാശാല 2021 സെപ്റ്റംബർ 29 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി.) ഡിഗ്രി (2015 സ്കീം – റെഗുലർ, ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല ഒക്ടോബർ 27 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല ഒക്ടോബർ 10 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ

കേരളസർവകലാശാല 2021 ഒക്ടോബർ 4 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ദ്വിവത്സര കോഴ്സ്) (2020 സ്കീം റെഗുലർ, 2018 സ്കീം സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. (ബി.കോം. ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് ഒഴികെ)/ബി.ബി.എ./ബി.സി.എ./ബി.വോക്./ബി.എസ്.ഡബ്ല്യൂ./ബി.പി.എ./ബി.എം.എസ്. സി.ബി.സി.എസ്. കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡ്/ഹാൾടിക്കറ്റുമായി (ഇ.ജെ.III – മൂന്ന്) സെക്ഷനിൽ സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 6 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## ഫയൽ അദാലത്ത്

കേരളസർവകലാശാലയിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി ഫയൽ അദാലത്തിലേക്ക് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പ്രിൻസിപ്പാൾമാർ, മാനേജർമാർ എന്നിവരിൽ നിന്നും പരാതികൾ ഓൺലൈനായി സ്വീകരിക്കുന്നതാണ്. ഇതിനായി കേരളസർവകലാശാല വെബ്സൈറ്റിൽ (www.keralauiversity.ac.in) പ്രത്യേക ലിങ്ക് ഓപ്പൺ ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാവരും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അറിയിക്കുന്നു. ഫയൽ അദാലത്തുമായി ബന്ധപ്പെട്ട പരാതികൾ സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 26 വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഫയൽ അദാലത്തിന്റെ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## ബി.എച്ച്.എം.സി.റ്റി. കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള തിരുവനന്തപുരം കുറ്റിച്ചലിലെ ലൂർദ് മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, ആലപ്പുഴ കരുവാറ്റയിലെ സ്നേഹാചാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, ആലപ്പുഴ തുറവൂരിലെ ശ്രീനാരായണഗുരു മെമ്മോറിയൽ കാറ്ററിംഗ് കോളേജ് എന്നീ കോളേജുകളിലെ 2021 – 22 അദ്ധ്യയന വർഷത്തേക്കുള്ള ഒന്നാം വർഷ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി കോഴ്സിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 1. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
25.09.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**